**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3068** **07-10-2025 - ൽ മറുപടിയ്ക്ക്**

**തീരശോഷണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ 60 ശതമാനം കടൽത്തീരങ്ങളും ശോഷണത്തിലാണെന്നത് ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ജലസേചന വകുപ്പിന് കീഴിലെ കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡ് സ്റ്റഡീസ് വിഭാഗം തീരശോഷണം പരിശോധിക്കാറുണ്ട്. തീരശോഷണം സംഭവിക്കുന്ന വിവിധ പ്രദേശങ്ങളുടെ തീര ശോഷണ തോത് വ്യത്യസ്തമാണ്. എങ്കിലും ഏകദേശം 40 ശതമാനം മുതൽ 50 ശതമാനം വരെ കടൽതീരങ്ങൾ കടലാക്രമണ ഭീഷണിയിലാണ്. ഇത്തരം തീരങ്ങളിൽ മൺസൂൺ കാലത്ത് കനത്ത തീരശോഷണം സംഭവിച്ച് വേനൽ മാസങ്ങളിൽ തീരപോഷണവും സംഭവിക്കാറുണ്ട്. |
| (ബി) | വൻതോതിലുള്ള തീരശോഷണത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | തീരദേശം നിരീക്ഷിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കാലവർഷത്തോട് അനുബന്ധിച്ച് ഉണ്ടാകുന്ന അതിതീവ്ര മഴ, ചുഴലിക്കാറ്റ്, ചക്രവാത ചുഴികൾ, കള്ളകടൽ പ്രതിഭാസം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളാൽ തീരശോഷണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആഗോളതാപനം മൂലമുള്ള കടലാക്രമണവും തീരശോഷണത്തിന് കാരണമാകാറുണ്ട്. കൂടാതെ മൺസൂൺ കാലത്ത് ശക്തമായ തിരമാലകൾ കൊണ്ട് കടൽതീരത്തെ മണൽ ഒഴുകി പോകുന്നതും ചുഴലികാറ്റുകളും കടൽക്ഷോഭവും മൂലവും കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം മൂലവും കടൽ നിരപ്പ് ഉയരുന്നതും വൻതോതിലുള്ള തീരശോഷണത്തിന് ഇടയാക്കുന്നു. ശക്തമായ തിരകൾ, കടലേറ്റം വെള്ളപ്പൊക്കവും ശക്തമായ മഴയും കാലാവസ്ഥ മാറ്റത്തെ തുടർന്നുള്ള കടൽനിരപ്പ് വർദ്ധനവ് മനുഷ്യനിർമ്മിത കാരണങ്ങളായ മണൽ ഘനനം, മത്സ്യ ബന്ധന ഹാർബറുകൾ, തുറമുഖങ്ങൾ, സീവാളുകളും ഗ്രോയിനുകളും തിരമാലകളുടെ ശക്തി |

| | | | |
|---|---|---|---|
| | | | മറുവശങ്ങളിലേക്ക് തിരിച്ചു വിടുന്നതും തീരശോഷണത്തിന് കാരണമാകാറുണ്ട്. |
| (സി) | തീരശോഷണം ആവാസ വ്യവസ്ഥയെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | തീരശോഷണം തടയുന്നതിനായി തീരപ്രദേശത്ത് ബാത്തിമെട്രിക്, ടോപ്പോഗ്രാഫിക് പഠനങ്ങൾ പൂർത്തിയാക്കി, മികച്ചതും ഫലപ്രദവുമായ സംരക്ഷണ നടപടികൾ ലഭിക്കുന്നതിനായി പഠന റിപ്പോർട്ട് National Centre for Coastal Research (NCCR)-ന് സമർപ്പിച്ചിട്ടുണ്ട്. ഏറ്റവും പ്രതികൂലമായി ബാധിക്കപ്പെട്ട ചില ബീച്ചുകൾ NCCR ഉദ്യോഗസ്ഥർ സന്ദർശിച്ചിരുന്നു. NCCR തയ്യാറാക്കിയ തീരദേശ മാനേജ്മെന്റ് പ്ലാനിന്റെ (SMP) ഫൈനൽ റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്.ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) | തീരസംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങളാണ് ജലവിഭവ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | തീരശോഷണം തടയുന്നതിനായി തീരപ്രദേശത്ത് ബാത്തിമെട്രിക്, ടോപ്പോഗ്രാഫിക് പഠനങ്ങൾ പൂർത്തിയാക്കി, മികച്ചതും ഫലപ്രദവുമായ സംരക്ഷണ നടപടികൾ ലഭിക്കുന്നതിനായി പഠന റിപ്പോർട്ട് National Centre for Coastal Research (NCCR)-ന് സമർപ്പിച്ചിട്ടുണ്ട്. ഏറ്റവും പ്രതികൂലമായി ബാധിക്കപ്പെട്ട ചില ബീച്ചുകൾ NCCR ഉദ്യോഗസ്ഥർ സന്ദർശിച്ചിരുന്നു. NCCR തയ്യാറാക്കിയ തീരദേശ മാനേജ്മെന്റ് പ്ലാനിന്റെ (SMP) ഫൈനൽ റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്.ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ